# ക്രിസ്തുവിന്റെ അപ്രമേയധനം

## എഫേസ്യർ 3:8–9

**"സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്കു ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ചു പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു."**

പൗലോസിന്റെ ഏതൊരു ലേഖനമെടുത്തു നോക്കിയാലും നമുക്ക് കാണാൻ കഴിയുന്ന ഒരു സ്വയംസംബോധനയാണ് 'ക്രിസ്തുയേശുവിന്റെ ബദ്ധനായ ഞാൻ' എന്നത്. അപ്രകാരം പറഞ്ഞു തുടങ്ങുന്ന ഈ അദ്ധ്യായത്തിൽ തനിക്കു ലഭിച്ചിരിക്കുന്ന ദൈവീക കൃപയ്ക്കൊത്തവണ്ണം ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ച് വെളിപ്പെടുത്തുവാനും അതിൽ മറഞ്ഞു കിടക്കുന്ന മർമ്മങ്ങളെ ഏവർക്കും പ്രകാശിപ്പിപ്പാനുമായിട്ട് തയ്യാറാകുന്ന പൗലോസിനെയാണ് നാം കാണുന്നത്. അപ്പൊസ്തോലനായ പൗലോസ് താൻ രക്ഷിക്കപ്പെട്ട നാൾ തുടങ്ങി മരണം വരെ സുവിശേഷം അറിയിച്ചതിന്റെ കണക്കെടുത്താൽ ഒരു പക്ഷെ അതിന്റെ മൂല്യം മറ്റേതൊരു വ്യക്തി ചെയ്തതിനേക്കാളും മുകളിലായിരിക്കും എന്നതിന് യാതൊരു സംശയവുമില്ല. രാപ്പകലെന്യേ ലഭിച്ച എല്ലാ സങ്കേതങ്ങളും ഉപയോഗിച്ച് താൻ യേശുവിനെ പ്രസംഗിച്ചു.

തന്റെ ഏതൊരു ലേഖനവും എടുത്തു നോക്കിയാൽ, ആ മഹാനായ മനുഷ്യൻ തന്നെക്കുറിച്ച് തന്നെ പറയുമ്പോൾ ഏറ്റവും വിനയാന്വിതനാകുന്നതായി നമുക്ക് കാണാൻ കഴിയും. തനിക്ക് ദൈവകൃപ ലഭിച്ചതിനാൽ മാത്രമാണ് ഈ ശുശ്രൂഷ ചെയ്വാൻ കഴിയുന്നത് എന്ന് ഏറ്റു പറയുന്നു. നമ്മുടെ മനോഭാവം ഇതുമായ് ഒന്നു താരതമ്യപ്പെടുത്തുന്നത് നല്ലതായിരിക്കും. സുവിശേഷത്തെക്കുറിച്ച് പൗലോസ് പറഞ്ഞിരിക്കുന്നത് അപ്രമേയധനം അഥവാ അളവറ്റ സമ്പത്ത് എന്നാണ്. പ്രപഞ്ചത്തിലെ ഏതൊരു സമ്പത്തിന്റെയും കണക്ക് അളക്കാൻ കഴിയുന്നതാണ്. ഒരു പക്ഷെ മനുഷ്യന്റെ സംഖ്യാജ്ഞാനം പരിമിതമായതു കൊണ്ട് അതിന്റെ മൂല്യം ഗ്രഹിക്കാൻ പ്രയാസമായിരിക്കും എന്നു മാത്രം. എന്നാൽ ഒരിക്കലും ആർക്കും തിട്ടപ്പെടുത്താൻ ആവാത്ത അളവറ്റ സമ്പത്താണ് സുവിശേഷം.

ദൈവത്തിന്റെ കണക്കിൽ ഒരു വ്യക്തിയുടെ വില സകല പ്രപഞ്ചത്തേക്കാളും വലുതാണ്. അങ്ങനെയുള്ള എത്ര തന്നെ വ്യക്തികളെയും പാപത്തിൽ നിന്നും, ശിക്ഷാവിധിയിൽ നിന്നും വിലക്കു വാങ്ങാൻ കഴിയുന്നതാണ് ക്രിസ്തുവിന്റെ സുവിശേഷം. ആ സുവിശേഷം നിമിത്തം വിലക്കു വാങ്ങപ്പെട്ട ഒരു വ്യക്തിക്ക് ലഭിക്കുന്നതാകട്ടെ ഒരിക്കലും

അവസാനിക്കാത്ത സ്വർഗ്ഗീയ സൗഭാഗ്യവും. നിത്യകാലം ദൈവത്തോടൊത്തു വസിക്കാനുള്ള വിലയാണ് സുവിശേഷം നൽകുന്നത്. നമുക്കായ് ദൈവം നൽകിയ വിലമതിക്കാനാകാത്ത ഈ അളവറ്റ ധനത്തിന് ദൈവത്തിനു നന്ദി അർപ്പിക്കാം. ആ അപ്രമേയധനത്തെ ജീവിതത്തിൽ തിരയുന്നവരും അതിനെ സ്വന്തമാക്കാൻ പരിശ്രമിക്കുന്നവരും ആയിത്തീരുവാൻ ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**എഫേസ്യർ 3:16–19**

**അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന്നു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിന്നും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നൽകേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകുകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.**

**ബ്രദർ ബിനു ബേബി ആലപ്പുഴ 146**